# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4637 26.10.2016-ൽ മറുപടിക്ക്**

## വനോത്പന്നങ്ങളുടെ ഇ-ലേലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ<br>,, എസ്.രാജേന്ദ്രൻ<br>,, ഡി.കെ. മുരളി<br>,, വി. അബ്ദുറഹിമാൻ : | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പ് ശേഖരിച്ച് വില്പന നടത്തുന്ന വനോത്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) തേക്ക്, ഈട്ടി, ചന്ദനം, മറ്റ് പലജാതി തടികളും വിറകും ശേഖരിച്ച് ഡിപ്പോകളിലൂടെ വിപണനം ചെയ്യുന്നു. ഇതുകൂടാതെ വനത്തിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ വനശ്രീ വഴിയും പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ വഴിയും വിപണനം നടത്തുന്നു. |
| ബി) ഓരോ വർഷവും ശരാശരി എത്ര കോടി രൂപയുടെ വില്പനയാണ് ഇപ്രകാരം നടത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) ഓരോ വർഷവും ശരാശരി 230 കോടി രൂപയുടെ വിൽപനയാണ് നടത്തുന്നത്. |
| സി) ലോക പ്രശസ്തമായ നിലമ്പൂർ തേക്ക്, മറയൂർ ചന്ദനം എന്നിവ ഉൾപ്പെടെയുള്ള വനോത്പന്നങ്ങളുടെ വില്പന നേരിട്ട് ഹാജരാകുന്നവർക്ക് മാത്രം പങ്കെടുക്കാവുന്ന രീതിയിൽ നിന്നും മാറ്റം വരുത്തി, ഇ-ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നമ്പർ.132/2014/എഫ്&ഡബ്ല്യൂ.എൽ.ഡി, തീയതി 18.03.2014 അനുസരിച്ച് കേരള വനം വകുപ്പിന് കീഴിലുള്ള വിവിധ തടി ഡിപ്പോകളിൽ തേക്ക്, ഈട്ടി, മറ്റ് പല ജാതി തടികൾ തുടങ്ങിയവ ഓൺ ലൈൻ ലേലംപ്രകാരം വിൽപ്പന നടത്തി |

. . . 2)

വരുന്നു. മുൻകൂർ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരാൾക്കും ഡിപ്പോയിൽ നേരിട്ട് ഹാജരാകാതെ ഓൺലൈനായി ഇത്തരം ലേലങ്ങളിൽ പങ്കെടുക്കാവുന്നതാണ്. കേന്ദ്രസർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ M/s MSTC Ltd.ന്റെ സേവനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ